ഹദീസ്

നൗഷാദ് ചേനപ്പാടി

# നേതാക്കളുടെ അതിക്രമങ്ങൾക്ക് ചൂട്ടു പിടിക്കരുത്

عَنْ جَابِرِ بْنِ عَبْدِ اللَّهِ ، رَضِيَ اللَّهُ عَنْهُمَا أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : أَعَاذَكَ اللَّهُ يَا كَعْبَ بْنَ عُجْرَةَ مِنْ إِمَارَةِ السُّفَهَاءِ قَالَ : وَمَا إِمَارَةُ السُّفَهَاءِ ؟ قَالَ : أُمَرَاءُ يَكُونُونَ بَعْدِي لَا يَقْتَدُونَ بِهُدَايَ وَلَا يَسْتَنُّونَ بِسُنَّتِي فَمَنْ صَدَّقَهُمْ بِكَذِبِهِمْ وَأَعَانَهُمْ عَلَى ظُلْمِهِمْ فَأُولَئِكَ لَيْسُوا مِنِّي وَلَسْتُ مِنْهُمْ وَلَا يَرِدُونَ عَلَى حَوْضِي ، وَمَنْ لَمْ يُصَدِّقْهُمْ عَلَى كَذِبِهِمْ وَلَمْ يُعِنْهُمْ عَلَى ظُلْمِهِمْ فَأُولَئِكَ مِنِّي وَأَنَا مِنْهُمْ وَسَيَرِدُونَ عَلَى حَوْضِي . يَا كَعْبَ بْنَ عُجْرَةَ إِنَّهُ لَا يَدْخُلُ الْجَنَّةَ لَحْمٌ نَبَتَ مِنْ سُحْتٍ ، النَّارُ أَوْلَى بِهِ . يَا كَعْبَ بْنَ عُجْرَةَ ، الصَّوْمُ جُنَّةٌ وَالصَّدَقَةُ تُطْفِئُ الْخَطِيئَةَ وَالصَّلَاةُ بُرْهَانٌ ( رواه الحاكم في المستدرك : ٧٢٦٥ و النسائي و الترمذي)

**ജാബിറുബ്നു അബ്ദില്ല(റ)യിൽനിന്ന്. നബി (സ) കഅ്ബു ബ്നു ഉജ്റ(റ)യോട് പറഞ്ഞു: 'അല്ലയോ കഅ്ബ്! ഭോഷന്മാരുടെ നേതൃത്വത്തിൽനിന്ന് അല്ലാഹു നിനക്ക് അഭയമരുളട്ടെ.' അദ്ദേഹം ചോദിച്ചു: 'എന്താണ് ഭോഷന്മാരുടെ നേതൃത്വം?' നബി(സ) പ്രതിവചിച്ചു: 'എനിക്കു ശേഷം വരുന്ന ചില ഭരണാധികാരികളാണവർ. എന്റെ സന്മാർഗത്തെ പിന്തുടരാത്തവരും എന്റെ സുന്നത്തിനെ ചര്യയായി സ്വീകരിക്കാത്തവരുമാണവർ. ആർ അവരുടെ കള്ളത്തരങ്ങളെ സത്യപ്പെടുത്തുന്നുവോ, ആർ അവരുടെ അക്രമങ്ങൾക്ക് കൂട്ടുനിൽക്കുന്നുവോ അവർ എന്നിൽപെട്ടവരല്ല; ഞാൻ അവരിൽപെട്ടവനുമല്ല. പരലോകത്ത് അവർ എന്റെ ഹൗളിങ്കൽ / ജലസംഭരണിക്കടുത്ത് വരുകയുമില്ല. ആർ അവരുടെ കള്ളത്തരങ്ങളെ സത്യപ്പെടുത്തിയില്ലയോ, ആർ അവരുടെ കൊള്ളരുതായ്മക്കു കൂട്ടുനിന്നില്ലയോ അവർ എന്നിൽപെട്ടവരും ഞാൻ അവരിൽപെട്ടവനുമാണ്. അവർ എന്റെ ഹൗളിങ്കൽ വരികയും ചെയ്യും. അല്ലയോ കഅ്ബ്! ഹറാം തിന്നുകൊഴുത്ത ശരീരം സ്വർഗത്തിൽ കടക്കുകയില്ല. നരകമാണ് അതിന് ഏറെ അനുയോജ്യം. കഅ്ബേ ശ്രദ്ധിക്കുക; നോമ്പ് ഭദ്രമായ പരിചയാണ്, സ്വദഖകൾ പാപങ്ങളെ കെടുത്തിക്കളയും, നമസ്കാരം തെളിവാർന്ന പ്രമാണവുമാണ്' (ഇമാം ഹാകിം നൈസാബൂരി(റ) തന്റെ മുസ്തദ്റക്കിൽ ഉദ്ധരിച്ചത്. ഹദീസ് നമ്പർ: 7265. ഇത് ഹസനായ ഹദീസാണെന്ന് ജാമിഉൽ ഉസ്വൂലിന്റെ മുഹഖിഖ് സാക്ഷ്യപ്പെടുത്തുന്നു. ഈ ഹദീസ് പദവ്യത്യാസങ്ങളോടെ ഇമാം തിർമിദി(റ)യും (614) ഇമാം അഹമദും(റ) ഉദ്ധരിച്ചിട്ടുണ്ട്).**

നബി(സ)ക്കു ശേഷം വരുന്ന അക്രമികളായ ഭരണാധികാരികളെപ്പറ്റിയുള്ള മുന്നറിയിപ്പാണ് ഈ ഹദീസിൽ. നബി(സ)യുടെ സന്മാർഗത്തെയും സുന്നത്തിനെയും പിന്തുടരാത്ത, കള്ളത്തരവും അക്രമവും മുഖമുദ്രയാക്കിയ ഭരണാധികാരികൾ. അവരുടെ കൊള്ളരുതായ്മകളെയും കള്ളത്തരങ്ങളെയും സത്യപ്പെടുത്തുകയും അവരുടെ അക്രമങ്ങൾക്കു കൂട്ടുനിൽക്കുകയും ചെയ്യുന്നവർ എന്നിൽപെട്ടവരല്ലെന്നും ഞാൻ അവരിൽ പെട്ടവരല്ലെന്നും അസന്ദിഗ്ധമായി അല്ലാഹുവിന്റെ റസൂൽ (സ) ഇവിടെ പറഞ്ഞിരിക്കുന്നു. അഥവാ മുസ്‌ലിംകളിൽപെട്ടവരല്ല എന്ന്. ഒരു ഹദീസിന്റെ ആദ്യത്തിലോ അവസാനത്തിലോ, അവർ എന്നിൽപെട്ടവരല്ലെന്ന നബി(സ)യുടെ പ്രഖ്യാപനത്തിനുശേഷം പറയുന്ന കാര്യങ്ങൾ അത്യന്തം ഗൗരവമാർന്നതായിരിക്കും. സത്യത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട് നീതിക്കുവേണ്ടി നിലകൊള്ളേണ്ട മുസ്‌ലിം, രാഷ്ട്രീയ രംഗത്ത് എങ്ങനെ കള്ളത്തരത്തെ സത്യപ്പെടുത്തുന്നവനും, അനീതിക്കും അക്രമത്തിനും വേണ്ടി നിലകൊള്ളുന്ന ഭരണാധികാരികളുടെയും അവരുടെ ശിങ്കിടികളുടെയും സഹായിയുമാവും? പരലോകത്ത് അവന് വരാനിരിക്കുന്ന നിന്ദ്യമായ പരിണതിയെക്കുറിച്ചും ഈ ഹദീസിൽ പറയുന്നുണ്ട്. ഏത് മുസ്‌ലിമിന്റെയും ആത്യന്തിക ആഗ്രഹം പരലോക രക്ഷയാണ്. റസൂലിന്റെ(സ) ഹൗളിങ്കൽ എത്തിപ്പെടാൻ പോലും സാധിക്കുന്നില്ലെങ്കിൽ അവൻ എങ്ങനെയാണ് പരലോകത്ത് രക്ഷപ്പെടുക? മുസ്‌ലിമിന്റേതായാലും അമുസ്‌ലിമിന്റേതായാലും കള്ളത്തരവും വഞ്ചനയും ചതിയും അനീതിയും അക്രമവും അല്ലാഹുവിങ്കൽ കൊടിയ പാപമാണ്. ഒരു മുസ്‌ലിമും ഒരു കാരണവശാലും ഇതിനൊന്നും ആരോടൊപ്പവും കൂട്ടുനിൽക്കാൻ പാടില്ല. തെരഞ്ഞെടുപ്പുകാലത്തും മറ്റും 'മതപരമായി' അല്ലാഹുവിന് പ്രാർഥനകൾ മാത്രം നൽകുക, പിന്നെ പുറത്തിറങ്ങി അക്രമത്തിന്റെയും അനീതിയുടെയും കൊള്ളരുതായ്മയുടെയും പ്രതിരൂപങ്ങളായ സകല മാന പാർട്ടികൾക്കും വ്യക്തികൾക്കും അവരുടെ കള്ളത്തരങ്ങളെയും അനീതികളെയും ന്യായീകരിച്ച് കൂട്ടുനിൽക്കുക. ഇങ്ങനെയൊരു നിലപാട് ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഒരിക്കലും ഉണ്ടായിക്കൂടാത്തതാണ്. പരലോകത്ത് തന്റെ ഹൗളിന്റെ അടുത്തെത്താൻ പോലും അത്തരക്കാർക്ക് കഴിയില്ലെന്നും റസൂൽ മുന്നറിയിപ്പ് നൽകുന്നു. ഇങ്ങനെയൊരു വൈരുധ്യം മുസ്‌ലിമിന്റെ ജീവിതത്തിൽ ഉണ്ടായിക്കൂടാത്തതാണ്.

ഹദീസിന്റെ ഒടുവിൽ പറയുന്ന കാര്യങ്ങളും വളരെ ശ്രദ്ധേയമാണ്. ഹറാം ഭക്ഷിച്ച് വളർന്നുവന്ന ഒരു ശരീരവും സ്വർഗത്തിൽ കടക്കില്ല എന്നാണ് പ്രവാചകൻ താക്കീതു നൽകിയിരിക്കുന്നത്. അത് പലിശയാകാം, ജനങ്ങളിൽനിന്ന് അന്യായമായി കവർന്നെടുത്തതാവാം, കച്ചവടത്തിലും മറ്റു ഇടപാടുകളിലും വഞ്ചന നടത്തി സമ്പാദിച്ചതാവാം. അനർഹമായതൊന്നും തന്റെ സമ്പത്തിലേക്ക് ചേരുന്നില്ലെന്ന് ഉറപ്പു വരുത്താനാവണം. അവിഹിത സമ്പാദ്യങ്ങൾ മനുഷ്യനെ നരകത്തിലെത്തിക്കുമ്പോൾ അതിൽനിന്നവന് രക്ഷാകവചമാകുന്നത് നമസ്കാരവും നോമ്പും സ്വദഖയുമെല്ലാമായിരിക്കും. ●